# Deepika

## 10 August 2018

## Thiruvananthapuram, Rain Havoc, Rescue Operation, Navy

# സ്ഥിതി അതീവ ഗൗരവതരം; ഒറ്റപ്പെട്ടവരെ രക്ഷിക്കാൻ നേവിയുടെ സഹായം തേടി

**തിരുവനന്തപുരം:** സംസ്ഥാനത്തു കാലവർഷം കലിതുള്ളി വൻദുരിതം വിതച്ചപ്പോൾ രക്ഷാപ്രവർത്തനത്തിന് സൈന്യത്തിന്റെ സഹായം സർക്കാർ തേടി. വയനാട്ടിൽ മഴക്കെടുതിയിൽ ഒറ്റപ്പെട്ടുപോയവരെ രക്ഷിക്കാനായി നാവികസേനാ വിമാനം ലഭ്യമാക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടതായി മുഖ്യമന്ത്രി പിണറായി വിജയൻ പത്രസമ്മേളനത്തിൽ അറിയിച്ചു.

ഇടുക്കി ഉൾപ്പെടെ 22 അണക്കെട്ടുകൾ തുറന്നുകഴിഞ്ഞു. ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും ഡാമുകൾ ഒരേസമയം തുറന്നുവിടേണ്ടിവന്നത്.

കാലവർഷ ദുരിതം നേരിടാനായി കര, നാവിക, വ്യോമ സേനകളുടെയും ദേശീയ ദുരന്തപ്രതികരണ സേനയുടെയും സഹായം സംസ്ഥാനം അഭ്യർഥിച്ചു. ദേശീയ ദുരന്തപ്രതികരണ സേനയുടെ മൂന്നു സംഘങ്ങളെ ആലപ്പുഴയിലും രണ്ടു സംഘങ്ങളെ എറണാകുളം, കോഴിക്കോട് ജില്ലകളിലും നിയോഗിച്ചിട്ടുണ്ട്. ആറു യൂണിറ്റിന്റെ സേവനംകൂടി ആവശ്യപ്പെട്ടിട്ടുണ്ട്.

കരസേനയ്ക്ക് ആവശ്യമായ രക്ഷാ പ്രവർത്തന ഉപകരണങ്ങൾ വിമാന മാർഗം ബംഗളൂരുവിൽ നിന്നു കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളിൽ എത്തിക്കും. തുടർന്ന് ഇവ ഇടുക്കി, വയനാട്, മലപ്പുറ കോഴിക്കോട് ജില്ലകളിലേക്ക് എത്തിക്കാനാണ് ലക്ഷ്യമിടുന്നത്.

സെക്രട്ടേറിയറ്റിൽ റവന്യു അഡീഷണൽ ചീഫ് സെക്രട്ടറി പി.എച്ച്. കുര്യന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പ്രത്യേക സെൽ ആരംഭിച്ചു. ഓരോ ജില്ലയിലെയും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ആ ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ നടത്തും. എംഎൽഎമാരുടെയും ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ദുരിതാശ്വാസപ്രവർത്തനങ്ങൾ ഏറ്റവും വേഗത്തിലാക്കും.

അപകടങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്താൻ പോലീസിനു നിർദേശം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

## പുതുക്കിയ നിവേദനം നല്കും

**തിരുവനന്തപുരം:** തുടർച്ചയായ ദിവസങ്ങളിൽ ശക്തമായ മഴയിലും ഉരുൾപൊട്ടലിലും വൻ നാശനഷ്ടങ്ങൾ ഉണ്ടായ പശ്ചാത്തലത്തിൽ കൂടുതൽ കേന്ദ്ര സഹായം ആവശ്യപ്പെട്ട് പുതുക്കിയ നിവേദനം കേന്ദ്രത്തിനു നല്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

നേരത്തെ നിശ്ചയിച്ചതനുസരിച്ച് കുട്ടനാട് ഉൾപ്പെടെയുള്ള പ്രളയബാധിത മേഖലകളിൽ കേന്ദ്ര ആഭ്യന്തര ജോയിന്റ് സെക്രട്ടറി എ.വി. ധർമറെഡ്ഡിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സംഘം സന്ദർശിച്ച് നാശനഷ്ടം വിലയിരുത്തി. ഇന്നലെ മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരുമായി കേന്ദ്ര സംഘം കൂടിക്കാഴ്ച്ചയും നടത്തി.

പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിക്കുന്നവർക്ക് നല്കുന്ന സാമ്പത്തിക സഹായമായി കേന്ദ്രമാനദണ്ഡങ്ങൾ പ്രകാരം 820 കോടിരൂപ ആവശ്യപ്പെടാനാണ് കഴിഞ്ഞ ആഴ്ച സംസ്ഥാനം തീരുമാനിച്ചിരുന്നത്. എന്നാൽ, കഴിഞ്ഞ ദിവസങ്ങളിൽ കനത്തമഴയും ഉരുൾപൊട്ടലും മണ്ണിടിച്ചിലും മൂലം വൻ നാശനഷ്ടങ്ങൾ കൂടി സംഭവിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ അവ കൂടി ഉൾപ്പെടുത്തി കൂടുതൽ കേന്ദ്രസഹായം ആവശ്യപ്പെടാനാണ് ഇപ്പോൾ സംസ്ഥാനം തീരുമാനിച്ചിരിക്കുന്നതെന്നു മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ പ്രളയബാധിത മേഖലകൾ സന്ദർശിച്ച ശേഷം നാളെ ന്യൂഡൽഹിക്ക് മടങ്ങുന്ന കേന്ദ്രസംഘം 20നു റിപ്പോർട്ട് നല്കും. കഴിഞ്ഞ ദിവസങ്ങളിൽ ഉരുൾപൊട്ടൽ മൂലം ഉണ്ടായ നാശനഷ്ടങ്ങളുടെ വിവരങ്ങൾ കൂടി 20നുള്ളിൽ കേന്ദ്രസംഘത്തിനു കൈമാറും. മാനദണ്ഡം നോക്കാതെ സംസ്ഥാനത്തെ നാശനഷ്ടം വിലയിരുത്തി സഹായം അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.